# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 485

26.04.2017-ൽ മറുപടിയ്ക്ക്

## കൊരട്ടി കിൻഫ്രയുടെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) | |
| എ) | കൊരട്ടി കിൻഫ്രയുടെ വികസനത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ; | എ) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. കൊരട്ടി കിൻഫ്ര പാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനുള്ള നടപടികൾ കിൻഫ്ര സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 68000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ബഹുനില ഫാക്ടറി സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | കൊരട്ടിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ്സിന്റെ ഉപയോഗ ശൂന്യമായ സ്ഥലം കിൻഫ്രയുടെ വികസനത്തിനായി വിട്ടുകിട്ടുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | കൊരട്ടി കിൻഫ്ര പാർക്കിനോട് ചേർന്നുള്ള കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ അധീനതയിലുള്ള ഭൂമി കിൻഫ്രക്ക് നല്കുന്നതിനായി സർക്കാർ കേന്ദ്ര നഗര വികസന മന്ത്രാലയവുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ കൊരട്ടി ഗവൺമെന്റ് പ്രസ്സ് ഉൾപ്പെടെ കേന്ദ്ര സർക്കാർ പ്രസ്സുകളുടെ അടച്ചുപൂട്ടൽ സംബന്ധിച്ച് തീരുമാനമെടുക്കുന്ന മുറക്ക് മാത്രമെ സ്ഥലം കൈമാറ്റം സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് കഴിയുകയുള്ളുവെന്ന് കേന്ദ്ര നഗര വികസന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ